# ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകൾ

## മുസ്‌ലിം ഉമ്മത്തിൻെറ നിലപാടെന്ത്?

അബ്ദുൽ മാലിക് മൊറയൂർ

ഇസ്‌ലാമിക ശരീഅത്തിൻെറ അടിസ്ഥാന പ്രമാണങ്ങളാണ് വിശുദ്ധ ക്വുർആനും പ്രവാചകൻെറ ഹദീഥുകളും. വിശുദ്ധ ക്വുർആൻ മുഴുവനും ഒരു ഗ്രന്ഥത്തിൽ രണ്ട് ചട്ടകൾക്കുള്ളിൽ ഇന്ന് ക്രോഡീകൃതമാണ്. എന്നാൽ ഹദീഥുകൾ ഒരു പ്രത്യേക ഗ്രന്ഥത്തിൽ മാത്രം പരിമിതമല്ല. വ്യത്യസ്തങ്ങളായ നിരവധി ഗ്രന്ഥങ്ങളിൽ ചിതറികിടക്കുന്ന മുത്തുകളാണവ. അത്തരം ഹദീഥ് ഗ്രന്ഥങ്ങൾക്കെല്ലാം തന്നെ ഒരേ സ്ഥാനമല്ല ഉള്ളത്. അതിൽ സ്വഹീഹായ ഹദീഥുകൾ മാത്രം ക്രോഡീകരിച്ചവയുണ്ട്, സ്വഹീഹും ദുർബലമായതും കൂടിക്കലർന്ന രൂപത്തിലുള്ള ഗ്രന്ഥങ്ങളുമുണ്ട്. ഒന്നാമത് പറഞ്ഞ വിഭാഗത്തിൽ പെട്ട ഗ്രന്ഥങ്ങളാണ് സ്വഹീഹുൽ ബുഖാരിയും മുസ്‌ലിമും. ഇമാം അബൂ അബ്ദില്ല മുഹമ്മദ് ബ്നു ഇസ്മായീലിബ്നു ഇബ്രാഹിം അൽബുഖാരിയാണ് (194-256 ഹി) സ്വഹീഹുൽ ബുഖാരിയുടെ കർത്താവ്. ഇമാം അബുൽ ഹുസൈൻ മുസ്‌ലിം ബിനുൽ ഹജ്ജാജ് (204-261 ഹി) ആണ് സ്വഹീഹുൽ മുസ്‌ലിമിൻെറ രചയിതാവ്. ഈ രണ്ട് ഇമാമുകൾക്കും ഈ ഗ്രന്ഥങ്ങൾക്ക് പുറമെ വേറെയും ചില ഹദീഥ് ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും തങ്ങളുടെ സ്വഹീഹിനുള്ള സ്ഥാനം അവക്കൊന്നുമില്ല. ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകൾ വിശുദ്ധ ക്വുർആനിനു ശേഷം ഏറ്റവും ശരിയായതാണെന്ന് മുസ്‌ലിം സമൂഹം ഒന്നടകം അംഗീകരിച്ചതാണ്. അതുകൊണ്ട് തന്നെ വളരെ ആദരവോടുകൂടിയാണ് മുസ്‌ലിം ലോകം ഈ ഗ്രന്ഥങ്ങളെ വീക്ഷിക്കുന്നത്. ഈ രണ്ട് ഗ്രന്ഥങ്ങളിലും നിർമ്മിതമോ ദുർബലമോ ആയ ഒരു ഹദീഥും ഇല്ല എന്ന കാര്യത്തിലും മുസ്‌ലിം ഉമ്മത്ത് ഏകാഭിപ്രായക്കാരാണ്.

പ്രവാചകൻ(സ്വ) വഹ്‌യിൻെറ അടിസ്ഥാനത്തിൽ സംസാരിച്ച സ്വഹീഹായ ഹദീഥുകളെക്കാൾ തങ്ങളുടെ പരിമിതമായ ബുദ്ധിക്ക് പ്രാമുഖ്യം നൽകുന്ന ചിലയാളുകൾ മുസ്‌ലിം ലോകത്ത് പിൽക്കാലത്ത് ഉടലെടുക്കുകയും ബുഖാരിയിലെയും മുസ്‌ലിമിലെയും ചില ഹദീഥുകൾ തങ്ങളുടെ ബുദ്ധിക്കും യുക്തിക്കും വഴങ്ങുന്നില്ല എന്ന കാരണം പറഞ്ഞ് ചില ഹദീഥുകളെ തള്ളുകയും അവയെ കുറിച്ച് നിർമ്മിതം, ദുർബലം എന്നിങ്ങനെ വിധിയെഴുതുകയും ചെയ്തു. ഇസ്‌ലാമിക അധ്യാപനങ്ങളിൽ നിന്ന് ബഹുദൂരം അകന്ന്പോയ 'മുഅ്തസിലാ' വിഭാഗത്തിൽ നിന്നാണ് ഇത്തരമൊരു ശബ്ദം മുസ്‌ലിം ലോകം ആദ്യം ശ്രവിച്ചത്. ഖേദകരമെന്നു പറയാം, ഹദീഥുകളെ സ്വീകരിക്കുന്ന വിഷയത്തിൽ മുഅ്തസിലാ ചിന്താഗതിയെ പിന്തുടരുന്ന ചിലർ കേരളക്കരയിലും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. തങ്ങളുടെ ദുർബല ബുദ്ധിക്ക് വഴങ്ങാത്ത നിരവധി ഹദീഥുകളെ അത് ബുഖാരിയിലും മുസ്‌ലിമിലും ഉള്ളതാണങ്കിൽ പോലും തള്ളിക്കളയുന്ന ഒരു പ്രവണത അത്തരം ആളുകളുടെ ദുർബോധനം നിമിത്തം കേരളത്തിൽ വ്യാപിച്ച് വരുന്നു. തങ്ങളുടെ ബുദ്ധിയുടെ തേരോട്ടത്തിനിടയിൽ സ്വഹീഹുൽ ബുഖാരിക്കും മുസ്‌ലിമിനും സമൂഹമനസ്സിലുണ്ടായിരുന്ന സ്ഥാനവും ആദരവും തകർന്ന് വീണത് ഒരു പക്ഷെ ഇത്തരക്കാർ അറിഞ്ഞുകാണില്ല. ബുഖാരിയിലും മുസ്‌ലിമിലും നിരവധി വാറോലകളുണ്ടെന്ന് ധ്വനിപ്പിക്കുന്ന തരത്തിൽ ലേഖനങ്ങൾ എഴുതുന്നേടത്തും ബുഖാരിയിലെ ചില ഹദീഥുകൾ ആര് തന്നെ പറഞ്ഞാലും ഞങ്ങൾക്കത്

സ്വീകാര്യമല്ല എന്ന് പരസ്യമായി പറയുന്നേടത്ത് വരെ എത്തി കാര്യങ്ങൾ. ഇത്തരമൊരവസ്ഥയിൽ പൂർവ്വസൂരികളുടെ അടുക്കൽ ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകൾക്ക് എന്ത് സ്ഥാനമാണുള്ളത് എന്നും അവ രണ്ടിലെയും ഹദീഥുകളോട് മുസ്ലിം ഉമ്മത്തിലെ പണ്ഡിതൻമാർ എന്ത് നിലപാട് സ്വീകരിച്ചു എന്നും അന്വേഷിക്കുന്നത് നന്നായിരിക്കും. ഹദീഥിൻെറ മേഖലയിൽ മുസ്ലിം ലോകം പ്രമാണികരായി ഗണിക്കുന്ന പത്തോളം അഗ്രേസരൻമാരായ പണ്ഡിതരെയാണ് ഇവിടെ ഉദ്ധരിക്കുന്നത്. അവരെല്ലാം തന്നെ ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകളെ സംബന്ധിച്ച് എന്ത് പറയുന്നു എന്ന് ശ്രദ്ധിക്കുക. അപ്പോൾ മനസിലാകും ഇത്തരം ആളുകളുടെ **'ബുദ്ധി'**യുടെ വലുപ്പവും അജ്ഞതയുടെ ആഴവും.

1) ഇമാം അബൂഇസ്ഹാഖ് അസ്ഫറാഈനി (418: ഹി) പറയുന്നു, ''ബുഖാരിയിലെയും മുസ്ലിമിലെയും മുഴുവൻ ഹദീഥുകളും സനദി (പരമ്പര) ൻെറയും മത്നി (ആശയം) ൻെറയും അടിസ്ഥാനത്തിൽ പൂർണ്ണമായും ശരിയാണ് എന്ന കാര്യത്തിൽ മുഹദ്ദിഥുകൾ ഏകാഭിപ്രായക്കാരാണ്. ഈ വിഷയത്തിൽ ഒരു അഭിപ്രായ ഭിന്നതയുമില്ല.'' (അന്നുകത്ത് അലബിനിസ്സ്വലാഹ്: സർകശി പേ:13)

2) ഇമാം ഇബ്നുസ്സ്വലാഹ്(റ) പറയുന്നു, ''ബുഖാരിയും മുസ്ലിമും ഏകോപിച്ച് നിവേദനം ചെയ്ത ഹദീഥുകളും ഒരാൾ സ്വന്തം ഉദ്ദരിച്ച ഹദീഥുകളും എല്ലാം തന്നെ സ്വഹീഹാണ് എന്ന കാര്യം ഖണ്ഡിതമാണ്.'' (മുഖദ്ദിമത്തുബ്നു സ്സ്വലാഹ് പേജ്: 28)

3) ഖാളി അബൂയഅ്ല അൽഫറാഅ്(റ) പറയുന്നു, ''മുസ്ലിം ഉമ്മത്ത് ഏകോപിച്ച് ഒരു കാര്യം സ്വീകരിച്ചാൽ അത് കൊണ്ട് തെളിവെടുക്കൽ നിർബന്ധമാണ് (ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകളെപോലെ) കാരണം മുസ്ലിം സമൂഹം ഒരു തിൻമയിൽ യോജിക്കില്ല. ഉമ്മത്തിൻെറ സ്വീകരണം അവയിലുള്ളത് മുഴുവനും സ്വഹീഹാണ് എന്ന കാര്യമാണറിയിക്കുന്നത് (അൽ ഉദ്ദ ഫീ ഉസൂലിൽ ഫിഖ്ഹ് 3/900)

4) അല്ലാമാ ഇബ്നുൽ ഖയ്യിം(റ)പറയുന്നു, ''അറിയുക! ശൈഖുൽ ഇസ്ലാം അബൂ അംറിനെ പോലെയും അദ്ദേഹത്തിൻെറ മുൻഗാമിയായ അബൂതാഹിറിനെ പോലെയുമുള്ള പണ്ഡിതൻമാർ പറഞ്ഞത് പോലെ ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകൾ ഈ ഗണത്തിൽ പെടും. അവയെ മുഹദ്ദിഥുകൾ പൂർണ്ണമായും സ്വീകരിച്ച് സത്യപ്പെടുത്തിയിട്ടുണ്ട്. അവമൂലം ഖണ്ഡിതമായ ജ്ഞാനം ലഭിക്കുന്നതാണ്. അവയിലെ ഹദീഥുകളെ കുറിച്ച് ഉസൂലികളും അഹ്ലുൽകലാമിൻെറ ആളുകളുമായ ചിലർ ചില എതിർപ്പുകൾ പറഞ്ഞത് ഒട്ടും പരിഗണനീയമല്ല. കാരണം മതകാര്യങ്ങളിലെ ഇജ്മാഅ് പരിഗണിക്കുന്നത് മതപണ്ഡിതരുടെ വാക്കിനെയാണ്. ഇത്തരക്കാരുടേതല്ല.'' (മുഖ്തസറുസ്സവാഇഖിൽ മുർസല (2/374)

5) ഹാഫിള് സ്വലാഹുദ്ധീൻ അൽഅലാഇ(റ) (761 ഹി) പറയുന്നു, ''ബുഖാരിയിലെയും മുസ്ലിമിലെയും മുഴുവൻ ഹദീഥുകളും സ്വഹീഹാണെന്നതിൽ മുസ്ലിം ഉമ്മത്തിൻെറ ഇജ്മാഅ് ഉണ്ട്.'' (തഹ്ഖീകുൽ മുറാദ് ഫീ അന്ന ന്നഹ്യ യക്തളി അൽഫസാദ് പേ: 114)

6 ) അല്ലാമാ അബ്ദുൽ ഫൈള് അൽഫാരിസി(റ) (837 ഹി) പറയുന്നു, “ബുഖാരിയും മുസ്‌ലിമും യോജിച്ചുദ്ധരിച്ചതോ, അല്ലകിൽ ആരെങ്കിലുമൊരാൾ ഉദ്ധരിച്ചതോ ആയ മുഴുവൻ ഹദീഥുകളും സ്വഹീഹാണെന്ന കാര്യം ഖണ്ഡിതമാണ് (ജവാഹിറുൽ ഉസൂൽ 20,21)

7) അല്ലാമാ മുല്ലാ അലിയ്യുൽഖാരി(റ) പറയുന്നു, “ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകളെ പൂർണമായും സ്വീകരിക്കേണ്ടതാണന്ന കാര്യത്തിൽ പണ്ഡിതൻമാർ ഏകോപിച്ചിരിക്കുന്നു.” (അൽ മിർഖാത്ത് 1/15)

8) ശാഹ് മുഹദ്ദിഥ് അദ്ദഹ്‌ലവി(റ) പറയുന്നു, “ബുഖാരിയിലെയും മുസ്‌ലിമിലെയും മുഴുവൻ ഹദീഥുകളെ സംബന്ധിച്ച്, അവ പൂർണമായും സ്വഹീഹാണ് എന്നതിലും അവ രണ്ടും അവരുടെ കർത്താക്കളിലേക്ക് മുതവാത്തിറായി തന്നെ എത്തിച്ചേരുന്നു എന്ന വിഷയത്തിലും മുഴുവൻ ഹദീഥ് പണ്ഡിതരും യോജിച്ചിരിക്കുന്നു. ആരെങ്കിലും ആ ഗ്രന്ഥങ്ങളിലെ ഹദീഥുകൾക്കെതിരെ നിസ്സാര സ്വഭാവത്തിൽ സംസാരിച്ചാൽ അവൻ നൂതനവാദി(മുബ്തദിഅ്)യും വിശ്വാസികളുടെ മാർഗമല്ലാത്ത മാർഗത്തെ പിൻപറ്റിയവനുമാണ് (ഹുജ്ജത്തുല്ലാഹിൽ ബാലിഗ 1/134 )

9) നവാബ് സിദ്ധീഖ് ഹസൻഖാൻ(റ) പറയുന്നു, “ബുഖാരിയും മുസ്‌ലിമും ഏറ്റവും സ്വഹീഹായ ഗ്രന്ഥങ്ങളാണ്. ആരെങ്കിലും അവയെ ആക്ഷേപിക്കുകയോ അവയിലെ ഹദീഥുകളെ നിസ്സാരവത്കരിക്കുകയോ ചെയ്താൽ അവൻ മുബ്തദിഉം (നൂതനവാദി) വിശ്വാസികളുടെ മാർഗ്ഗത്തിൽ നിന്ന് തെറ്റിയവനുമാണ്. മുഴുവൻ പണ്ഡിതൻമാരും തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.” (അസ്സിറാജുൽ വഹ്ഹാജ് പേ: 3)

10 ) അല്ലാമാ അഹ്മദ് മുഹമ്മദ് ശാക്കിർ(റ) പറയുന്നു, “ബുഖാരിയിലെയും മുസ്‌ലിമിലെയും മുഴുവൻ ഹദീഥുകളും സ്വഹീഹാണ്. ദുർബലമായതോ ആക്ഷേപാർഹമായതോ ആയ ഒന്നും തന്നെ അവയിലില്ല.” (അൽബാഇസുൽ ഹസീസിൻെറ ഹാശിയ കാണുക പേ: 22)

ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകളെ സംബന്ധിച്ച് മുസ്‌ലിം ലോകത്തിലെ പ്രമാണിമാരായ പണ്ഡിതരുടെ വാക്കുകളാണ് നാം കണ്ടത്. ഇത് കേവലം ഉദാഹരണങ്ങൾ മാത്രം. ഇതേ സംഗതി വേറെയും നിരവധി പണ്ഡിതർ വ്യക്തമാക്കിയതാണ്. കൂടുതൽ അറിയാനാഗ്രഹിക്കുന്നവർക്കായി അവരുടെ പേരുകളും ഗ്രന്ഥങ്ങളും ഇവിടെ സൂചിപ്പിക്കുന്നു. ഇമാംനവവി (മുഖദ്ധിമത്തു ശർഹു മുസ്‌ലിം: 13), ഇമാം ഇബ്നു തീമിയ്യ (മുഖദ്ധിമത്തുൻ ഫീ ഉസൂലി തഫ്സീർ: 66 ), അല്ലാമാ സിറാജുദ്ദീൻ ബൽക്വീനി (മഹാസിനുൽ ഇസ്തിലാഹ് പേ: 101), ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനി (ശർഹു നുഖ്ബത്തിൽ ഫിഖ്ർ: 30), ഹാഫിള് സഖാവി (ഫത്ഹുൽ മുഗീസ്: 1/51), ഇമാം ദഹബി (ഇഅ്ലാമുന്നബലാഅ്: 12/577), അല്ലാമാ ബദ്റുദ്ദീൻ ഐനി (ഉംദത്തുൽ ഖാരി 1/8), അല്ലാമാ ശൗകാനി (ഇർശാദുൽ ഫുഹൂൽ: 49), അല്ലാമാ ജമാലുദ്ദീൻ ഖാസിമി (ഖവാഇദുത്ത ഹദീഥ്: 85), അല്ലാമാ അബ്ദുറഹിമാൻ മുബാറക് പുരി (മുഖദ്ദിമത്തു തുഹ്ഫത്തുൽ അഹ്വദി, പേ: 157).

കേരളത്തിലെ മുജാഹിദ് പ്രസ്ഥാനം അതിൻെറ ആദ്യകാലം മുതൽക്ക് തന്നെ, ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകളോട് മുകളിൽ നാം കണ്ട പണ്ഡിതരുടെ അതേ നിലപാട് തന്നെയാണ് സ്വീകരിച്ചിരുന്നത് എന്ന് കാണാനാവും. അൽമനാർ മാസികയുടെ മൂന്നാം ലക്കത്തിൽ വന്ന ഒരു ലേഖനത്തിൽ നമുക്കിങ്ങനെ കാണാം: "മുസ്ലിം ലോകത്ത് മുഴുവനും ശ്രുതിപ്പെട്ടിരിക്കുന്ന സ്വഹീഹുൽ ബുഖാരി ഇദ്ദേഹം രചിച്ചതത്രെ. ഈ കിതാബിൽ സനദോടുകൂടി നിവേദനം ചെയ്യപ്പെട്ട ഹദീഥുകൾ മുസ്ലിം പണ്ഡിതൻമാർ ചോദ്യം ചെയ്യാതെ സ്വീകരിച്ചുവരാറുണ്ട്." (അബ്ദുസ്സലാം ബിൻ മുഹമ്മദ്, നബിചര്യകൾ, അൽമനാർ മാസിക, 1950 മെയ്, പേ: 11)

ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകളെ കുറിച്ച് ഹദീഥ് പണ്ഡിതരുടെയും മുജാഹിദ് പ്രസ്ഥാനത്തിൻെറയും നിലപാട് കൃത്യമായി ഗ്രഹിച്ചല്ലോ, അവരാരും തന്നെ ഇന്ന് ചിലർ വാദിക്കുന്നത് പോലെ ബുഖാരിയിൽ തന്നെ നിരവധി ദുർബല ഹദീഥുകൾ ഉണ്ട് എന്ന് പറഞ്ഞവരല്ല. അത്തരം വാദങ്ങളുമായി കടന്നു വരുന്നവർ സലഫിൻെറ മാർഗത്തിൽ നിന്ന് തികച്ചും വ്യതിചലിച്ചവരാണന്ന കാര്യം വ്യക്തമാണ്. മാത്രവുമല്ല, ബുഖാരിയും മുസ്ലിമും തങ്ങളുടെ ഗ്രന്ഥത്തിലെ മുഴുവൻ ഹദീഥുകളെയും അവരുടെ സമകാലീനരായിരുന്ന പ്രഗൽഭ പണ്ഡിതരെക്കൊണ്ട് പൂർണ്ണമായും പരിശോധിച്ചംഗീകരിപ്പിച്ചതുമാണ്. ഈമാം ബുഖാരി തൻെറ സ്വഹീഹ് എഴുതിയതിന് ശേഷം, ഹദീഥിൻെറ വിഷയത്തിൽ എക്കാലത്തും പ്രമാണികരായി കണക്കാക്കപ്പെടുന്ന അലിയ്യുബിൻ അൽമദീനി, ഇമാം അഹ്മദ്, ഇബ്നുമുഈൗൻ എന്നിവരെ കൊണ്ടും, ഇമാം മുസ്ലിം തൻെറ സ്വഹീഹ് ഇമാം അഹ്മദ് യഹ്യാബിൻ മുഈൗൻ, ഇബ്നു അബീശൈബ എന്നിവരെ കൊണ്ടും പൂർണമായും പരിശോധിപ്പിച്ചതാണ്. ആ മഹാൻമാരെല്ലാം തന്നെ അവയിലെ ഒരോ ഹദീഥും സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതുമാണ്. ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ (റ) ഇക്കാര്യം പറയുന്നത് കാണുക: "സ്വഹീഹുൽ ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകൾ അവർ രണ്ട്പേർ മാത്രമല്ല നിവേദനം ചെയ്തിട്ടുള്ളത്. മറിച്ച് എണ്ണമറ്റ പണ്ഡിതരും മുഹദ്ദിഥുകളും അതിൻെറ നിവേദകരാണ്. അവരുടെ പൂർവീകരും സമകാലീനരും ശേഷക്കാരുമായ നിരവധി പേർ അത് നിവേദനം ചെയ്തു എന്ന് മാത്രമല്ല അവയെ സസൂക്ഷ്മം പരിശോധിച്ചിട്ടുണ്ട്. അന്നത്തെ ഹദീഥ് നിരൂപകൻമാർ നിരൂപണത്തിൽ അഗ്രേസരൻമാരായിരുന്നു. ചുരുക്കത്തിൽ ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകളെ റിപ്പോർട്ട് ചെയ്യുന്നതിലും അതിനെ സ്വഹീഹാണെന്ന് വിധിയെഴുതുന്നതിലും അവർ രണ്ട് പേർ മാത്രമല്ല ഉള്ളത് എന്ന് സാരം" (മിൻഹാജുസ്സുന്ന 4/ 58,59)

അല്ലാമാ സിദ്ദീഖ് ഹസൻ ഖാൻ(റ) പറയുന്നു, "ബുഖാരിയും മുസ്ലിമും തങ്ങളുദ്ധരിക്കുന്ന ഒരോ ഹദീഥുകളും തങ്ങളുടെ ശൈഖൻമാരെ കൊണ്ട് പരിശോധിപ്പിച്ചതിന് ശേഷമല്ലാതെ അവരുടെ ഗ്രന്ഥത്തിലവയെ ചേർത്തിയിട്ടില്ല. (ഇത്തിഹാഫുന്നു ബലാഅ് പേ: 138 )

ചുരുക്കത്തിൽ പൂർവ്വികരാരും തന്നെ ബുഖാരിയിലെയും മുസ്ലിമിലെയും ഹദീഥുകളെ സംബന്ധിച്ച് ക്വുർആനിനെതിരെന്നോ ബുദ്ധിക്ക് വഴങ്ങാത്തതെന്നോ നിർമ്മിതമെന്നോ പറഞ്ഞിട്ടില്ല. മറിച്ച് അവരെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞത് അവ പൂർണമായും സ്വഹീഹാണ് എന്ന് തന്നെയാണ്. ഈ വിഷയത്തിലെ ഇജ്മാഇനെ എതിർക്കുന്നവർ സലഫിൻെറ മാർഗത്തിൽ നിന്ന് വ്യതിചലിച്ചവരാണെന്ന കാര്യത്തിൽ സംശയമില്ല.

സ്വഹീഹുൽ ബുഖാരിക്കും മുസ്‌ലിമിനുമെതിരെയുള്ള വിമർശനങ്ങൾ: വസ്തുതയെന്ത്?

അല്ലാമാ അഹ്മദ് മുഹമ്മദ് ശാകിർ(റ) പറയുന്നു, "പ്രവാചകൻെറ ഹദീഥുകളെ ജനമധ്യത്തിൽ വിലകുറച്ച് കാണിക്കാനോ മുഹദ്ദിഥുകളുടെ പരിശ്രമങ്ങളെ നിസ്സാരവത്കരിക്കാനോ ശ്രമിക്കുന്നവർ ആദ്യമായി ചെയ്യുക ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകളിൽ പ്രത്യേകിച്ച് ബുഖാരിയിലെ ഹദീഥുകളിൽ സംശയം ജനിപ്പിക്കുകയായിരിക്കും. അവയിൽ സംശയം സൃഷ്ടിച്ചാൽ ബാക്കിയുള്ള ഹദീഥ് ഗ്രന്ഥങ്ങളുടെ ആധികാരികതയിൽ സംശയം സൃഷ്ടിക്കാൻ എളുപ്പമായിരിക്കുമല്ലോ. എന്നാൽ അറിയുക! അവയിലെ മുഴുവൻ ഹദീഥുകളും പണ്ഡിതരുടെ പക്കൽ പൂർണമായും സ്വഹീഹാണ്" (ഉദ്ധരണി: സ്വഹാബിഉൽ ഫീ വജ്ഹിസ്സുന്ന: 108 )

ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീഥുകളിൽ സംശയത്തിൻെറ നിഴൽ പരത്തുന്നത് ഹദീഥ് നിഷേധത്തിൻെറ ഒന്നാം പടിയാണ്. ആധുനിക ലോകത്ത് അറിയപ്പെടുന്ന എല്ലാ ഹദീഥ് നിഷേധികളും ആദ്യം കൈവെച്ചത് സ്വഹീഹുൽ ബുഖാരിയിലായിരുന്നു എന്ന് കാണാനാവും (ചേകന്നൂരിൻെറ ബുഖാരിയും മുസ്‌ലിമും ലോകപൊള്ളൻമാർ എന്ന വാറോല ഉദാഹരണം). ആധുനിക മുസ്‌ലിം ലോകത്ത് ഹദീഥ് സംരക്ഷകനായി അനുയായികൾ പരിചയപ്പെടുത്തുന്ന വ്യക്തിയാണ് മൗദൂദി സാഹിബ്. ഹദീഥ് നിഷേധികൾക്ക് മറുപടിയെഴുതിയ അദ്ദേഹം പക്ഷെ തൻെറ ബുദ്ധിക്ക് വഴങ്ങാത്ത ഹദീഥുകളെ തള്ളിയ ഒരു ചോട്ടാ ഹദീഥ് നിഷേധിയായിരുന്നു എന്ന കാര്യം ഒരു പക്ഷെ അദ്ദേഹത്തെ പുകഴ്ത്തുന്നവർക്ക് പോലും അറിയുമോ എന്നറിയില്ല. തൻെറ ഹദീഥ് നിഷേധത്തിൻെറ തുടക്കമായി അദ്ദേഹം ആദ്യം കത്തിവെച്ചത് ബുഖാരിയുടെ കഴുത്തിൽ തന്നെയായിരുന്നു. അദ്ദേഹത്തിൻെറ വാക്കുകൾ കാണുക. "ഒരു മാന്യനായ മനുഷ്യന് സ്വഹീഹുൽ ബുഖാരിയിലുള്ള മുഴുവൻ ഹദീഥുകളും ശരിയാണന്ന് ഒരിക്കലും പറയാനാവില്ല" (ഉദ്ധരണി: ഇളാഹത്തുൽ ഹഖ് അബ്ദുൽ ഹഖ് ഹാശിമി പേ: 79 )

ബുഖാരിയെ കുറിച്ചുള്ള ഒരു ചോദ്യത്തിന് മൗദൂദി നൽകിയ മറുപടി കൂടി കാണുക, "പൂർണമായും ശരിയായ ഗ്രന്ഥം ക്വുർആൻ മാത്രമാണ്. അതിന് ശേഷം സ്വഹീഹുൽ ബുഖാരി, പക്ഷെ പരമ്പര (സനദ്)യുടെ അടിസ്ഥാനത്തിൽ മാത്രമാണത്. മത്നിൻെറ (ആശയം) അടിസ്ഥാനത്തിൽ അതിലുള്ളതെല്ലാം പൂർണമായും സ്വഹീഹാണെന്ന് ഉറപ്പിച്ച് പറയാനാവില്ല! " (ഉദ്ധരണി: മൗഖിഫിൽ ജമാഅത്തിൽ ഇസ്‌ലാമിയ്യ മിനൽ ഹദീഥിന്നബവി)

അപ്പോൾ പ്രവാചകൻെറ ഹദീഥുകളെ എന്തെങ്കിലും ഞൊണ്ടിന്യായം പറഞ്ഞ് തള്ളുന്നവർ ആദ്യം കൈവെക്കുന്നത് ബുഖാരിയിലും മുസ്‌ലിമിലുമായിരിക്കുമെന്ന് നാം കണ്ടല്ലോ. ഇനി കേരളക്കരയിൽ ഹദീഥ് നിഷേധത്തിൻെറ പുത്തൻ കൂട്ടുകാരനായ ഒരു സുല്ലമി എഴുതിയ ലേഖനത്തിൻെറ തലവാചകം കാണുക, "വിമർശന വിധേയമായ ഹദീഥുകൾ ബുഖാരിയിലും മുസ്‌ലിമിലും". എന്നിട്ടദ്ദേഹം ഇരുപതോളം ഹദീഥുകൾ കൊടുത്തിട്ട് ചില വിമർശനങ്ങളും ഉദ്ധരിക്കുന്നു. യഥാർത്ഥത്തിൽ ആ ലേഖനത്തിൻെറ ലക്ഷ്യം ഒന്നുമാത്രമാണ്. സ്വഹീഹുൽ ബുഖാരിക്കും മുസ്‌ലിമിനും മുസ്‌ലിം ജനമനസ്സുകളിലുള്ള സ്ഥാനത്തെ തകർത്ത് തരിപ്പണമാക്കുക എന്നതാണത്. കാരണം ആ ലേഖനത്തിലദ്ദേഹം ഉദ്ദരിച്ച വിമർശനങ്ങൾ എന്നുപറയപ്പെടുന്ന കാര്യങ്ങൾ പൂർണമായും ശരിയല്ല എന്ന് അദ്ദേഹത്തിന് തന്നെ അറിയാം. അദ്ദേഹം തന്നെ പറയട്ടെ, "ബുഖാരിയും മുസ്‌ലിമും ഉദ്ദരിച്ച

ഹദീഥുകളെ പൂർവ്വികരായ പണ്ഡിതർ വിമർശിച്ചതിന് ചില ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു. വിമർശനങ്ങൾ ഈ ലേഖകൻ അംഗീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നില്ല. നാം മുകളിൽ വിവരിച്ച തത്വം സ്ഥാപിക്കുക മാത്രമാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യം. വിമർശനങ്ങൾ മൊത്തം ശരിയാണന്ന് വായനക്കാരും ധരിക്കേണ്ടതില്ല!'' (പ്രബോധനം ഹദീഥ് പതിപ്പ്, പേ: 185). കണ്ടില്ലേ, വിമർശനങ്ങൾ മുഴുവനും ശരിയല്ല എന്നെനിക്കറിയാം. പക്ഷെ ഞാനിതുദ്ധരിക്കുന്നത്, ബുഖാരിയിലും മുസ്ലിമിലുമുള്ളതെല്ലാം പൂർണ്ണമായും ശരിയാണ് എന്ന നിലപാട് ശരിയല്ലെന്നും അവയിലെല്ലാം ധാരാളക്കണക്കിന് വിമർശന വിധേയമായ ഹദീഥുകളുണ്ട് എന്ന് നിങ്ങളെ അറിയിക്കാനുമാണ്''

അഹ്മദ് ശാകിർ(റ) പറഞ്ഞ ഹദീഥ് നിഷേധത്തിൻെറ ഒന്നാം പടി സുല്ലമി ഭംഗിയായി പിന്നിട്ടത് കണ്ടല്ലോ. ഇനി, ബുഖാരിയിലെ മുഴുവൻ ഹദീഥുകളും സ്വീകാര്യമല്ല എന്ന മൗദൂദി സാഹിബിൻെറ മുകളിൽ സൂചിപിക്കപ്പെട്ട അതേ വാചകം സുല്ലമിയും പറയുന്നത് നോക്കൂ, നബി(സ)ക്ക് സിഹ്റ് ബാധിച്ചു എന്ന ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച ഹദീഥിനെ കുറിച്ച് സുല്ലമി എഴുതുന്നു: ''അതിനാൽ ഈ ഹദീഥ് പരമ്പരക്കും മത്നിന്നും(ആശയം) ഹദീഥ് പണ്ഡിതൻമാർ പറഞ്ഞ മുഴുവൻ വ്യവസ്ഥയും യോജിച്ചാൽ പോലും തെളിവിന് പറ്റുകയില്ല'' (ജിന്ന്, പാശാച്, സിഹ്റ് പേ: 138 )
വീണ്ടും എഴുതുന്നു, ''കുന്തം കൊണ്ട് കുത്തിയാലും വാളുകൊണ്ട് വെട്ടിയാലും മുറിവ് സംഭവിക്കുമോ ഇല്ലയോ എന്ന വിഷയം ബുഖാരിയിലെ ഹദീഥിനെ അടിസ്ഥാനമാക്കി തർക്കിക്കേണ്ടതില്ല. പ്രയോഗിച്ച് നോക്കിയാൽ മതി. ഇത് പോലെ സിഹ്റ് ഫലിക്കുമോ ഇല്ലയോ എന്നത് ഉപയോഗിച്ച് നോക്കിയാൽ മതി. ഇത് മുമ്പ് നാം വിവരിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ഹദീഥ് അനുഭവജ്ഞാനത്തിനും എതിരാണ്.'' (പേ: 138 )

മാത്രവുമല്ല ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച ഈ ഹദീഥിനെ ആറോളം ഞൊണ്ടിന്യായങ്ങൾ പറഞ്ഞ് സുല്ലമി തള്ളുന്നു. ബുഖാരിയിലെ മുഴുവൻ ഹദീഥുകളും സ്വീകാര്യമല്ല എന്ന മൗദൂദിയുടെ നിലപാടിലാണ് ഇപ്പോൾ സുല്ലമിയും കൂട്ടരും എത്തിനിൽക്കുന്നത്. ഇപ്പോൾ മനസ്സിലായി ''സുല്ലമിയുടെ കുപ്രസിദ്ധ ലേഖനം'' മൗദൂദികളുടെ 'പ്രബോധനത്തിൽ' വന്നതെങ്ങനെയാണ്! ഒരേ തൂവൽ പക്ഷികൾ!

ഇവിടെ സ്വാഭാവികമായും ഒരു സംശയം ഉയർന്നു വരാം. ബുഖാരിയിലെ ചില ഹദീഥുകളെ ചിലർ വിമർശിച്ചു എന്നത് ശരിയല്ലേ എന്ന്. വിമർശിച്ചു എന്നത് ശരി തന്നെ, പക്ഷെ ആ വിമർശനങ്ങൾ എത്ര മാത്രം യാഥാർത്ഥ്യമാണ് എന്നതാണ് നമ്മൾ പരിശോധിക്കേണ്ടത്. ഇമാം ദാറുഖുത്നി, ഇമാം നസാഇ(റ) എന്നിവർ ബുഖാരിയിലെ ചില ഹദീഥുകളെ സനദിൻെറ (പരമ്പര) അടിസ്ഥാനത്തിൽ വിമർശിച്ചിട്ടുണ്ട്. എന്നാൽ ബുഖാരിക്കെതിരെയുള്ള മുഴുവൻ വിമർശനങ്ങൾക്കും സമ്പൂർണ്ണ മറുപടികൾ പണ്ഡിതൻമാർ നൽകിയിട്ടുണ്ട്. വിമർശനങ്ങളെ ആറുവിഭാഗമായിതിരിച്ച് അവക്കോരോന്നിനും ഇബ്നു ഹജർ(റ) മറുപടി പറയുകയും വിമർശനങ്ങൾ ശരിയല്ല എന്ന് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് (ഹദ്‌യുസ്സാരി: 346-484). അദ്ദേഹം പറയുന്നു, ''ദാറുഖുത്നി(റ) ബുഖാരിയിലെയും ചില ഹദീഥുകളെ വിമർശിച്ചിട്ടുണ്ട്. എന്നാൽ അത്തരം വിമർശനങ്ങൾ എല്ലാം തന്നെ മുഹദ്ദിഥുകളുടെ നിയമത്തിനെതിരും അങ്ങേഅറ്റം ദുർബലവും ഭൂരിപക്ഷത്തിൻെറ നിലപാടിന് വിരുദ്ധവുമാണ് (ഹദ്‌യുസസാരി: 346 )

ഇമാം നവവി പറയുന്നു, "ബുഖാരിയും മുസ്‌ലിമും തങ്ങളുടെ ഗ്രന്ഥങ്ങളിൽ തെളിവു പിടിച്ച ആളുകളെ ചിലർ വിമർശിച്ചത് അവ്യക്തവും ദുർബലവുമാണ്" (ശർഹു മുസ്‌ലിം 1/25). ബുഖാരിക്കും മുസ്‌ലിമിനുമെതിരെയുള്ള ദാറുഖുത്നിയുടെ വിമർശനങ്ങൾ ഒന്നുപോലും ശരിയല്ലന്ന് ഇമാം ഖതീബ് ബാഗ്ദാദി (ഖവാഇദു തഹ്ദീഥ് - ല 190), ഇമാം സൈലഇ (നസ്ബുർറായ: 1/341), ഇമാം അലാഇ (ജാമിഉ തഹ്സീൽ പേ: 81), ഇമാം ശൗകാനി (ഖത്റുൽ വലിയ്യ പേ: 230), അല്ലാമാ ഇബ്നു ദഖീഖ് അൽ ഈദ് (ഇഖ്തിറാഹ്: 325), അല്ലാമാ ബദ്റുദ്ദീനുൽ ഐനി (ഉംദത്തുൽ ഖാരി 1/18,19, 2/54, 4/147, 10/120)എന്നിവർ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതിയാണ്. മാത്രവുമല്ല ഹദീഥ് നിരൂപണത്തിൽ ഇമാം ബുഖാരിക്കും മുസ്‌ലിമിനുമുള്ള പാടവം അവരെ വിമർശിച്ചവർക്കില്ല എന്ന കാര്യവും പ്രസ്താവ്യമാണ്, ദാറുഖുത്നിയുടെ മുസ്‌ലിമിനെതിരെയുള്ള വിമർശനങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്ന ഒരു ഗ്രന്ഥം ജീവിച്ചിരിക്കുന്ന പ്രഗൽഭ ഹദീഥ് പണ്ഡിതനായ ശൈഖ് റബീഅ് ബിൻ ഹാദി രചിച്ചിട്ടുണ്ട്. 'ബൈനൽ ഇമാമൈനി മുസ്‌ലിം വ ദാറുഖുത്നി' എന്നാണ് ആ ഗ്രന്ഥത്തിന്റെ പേര്.

ചുരുക്കത്തിൽ ബുഖാരിക്കും മുസ്‌ലിമിനും എതിരെ ഉന്നയിക്കപ്പെട്ടു എന്ന് പറയപ്പെടുന്ന വിമർശനങ്ങളിൽ ഒന്നുപോലും വസ്തുതാപരമല്ല. ഇതേ നിലപാട് തന്നെയാണ് ഇസ്‌ലാഹി പ്രസ്ഥാനത്തിനുമുള്ളത്. കേരളത്തിലെ പ്രമുഖ ഹദീഥ് പണ്ഡിതനായിരുന്ന ശൈഖ് മുഹമ്മദ് മൗലവി ബുഖാരിക്കെതിരെയുള്ള ദാറുഖുത്നിയുടെ വിമർശനങ്ങൾ ഉദ്ധരിച്ചുകൊണ്ട് അത്തരം വിമർശനങ്ങളുടെ അർത്ഥശൂന്യത ഉദാഹരണസഹിതം വ്യക്തമാക്കിയതിന് ശേഷം എഴുതുന്നു: "ഈ ഉദാഹരണങ്ങളിൽ നിന്ന് ബുഖാരിയുടെയും മുസ്‌ലിമിന്റെയും റിപ്പോർട്ടർമാരെ സംബന്ധിച്ചുള്ള ആക്ഷേപത്തിന്റെ നില നല്ലപോലെ വ്യക്തമാവുന്നതാണ്. അപ്പോൾ ആക്ഷേപങ്ങൾ നൂറുശതമാനവും ഈ തരത്തിൽ പെട്ടതാകുന്നു" (മിശ്കാത്തുൽ ഹുദാ മാസികയിൽ വന്ന ലേഖനം അൽമനാർ മാസിക പുനഃപ്രസിദ്ധീകരിച്ചത്, 1994 ഒക്ടോബർ)

അപ്പോൾ വിമർശനങ്ങൾ നൂറുശതമാനവും അടിസ്ഥാനരഹിതമാണെന്ന് നാം കണ്ടു. എന്നാൽ വിമർശനങ്ങൾ ശരിയോ തെറ്റോ എന്നതല്ല, വിമർശന വിധേയമായി എന്നതു തന്നെ ബുഖാരിയുടെയും മുസ്‌ലിമിന്റെയും സ്ഥാനത്തിന് പോരായ്മയാണ് എന്നും അവരൊക്കെ വിമർശിച്ചിട്ടുണ്ടെങ്കിൽ എനിക്കും വിമർശിക്കാമല്ലോ എന്നതുമാണ് സുല്ലമിയുടെ നിലപാട്. അദ്ദേഹം എഴുതുന്നു: "ഇമാം ദാറുഖുത്നി(റ) നിവേദക പരമ്പരയെ (രിവായത്ത്) അടിസ്ഥാനമാക്കി ബുഖാരിയിലെ നൂറിലധികം ഹദീസുകളെ വിമർശിക്കുന്നത് കാണാം. ഇതിന് മറ്റുള്ളവർ മറുപടി പറഞ്ഞു എന്നത് ദാറുഖുത്നി വിമർശച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യത്തെ ഇല്ലാതാക്കുന്നില്ല" (പ്രബോധനം ഹദീഥ് പതിപ്പ്, പേജ്: 191) എന്നിട്ട് തന്റെ വിമർശനങ്ങൾക്കദ്ദേഹം ന്യായീകരണം കണ്ടെത്തുന്നത് കാണുക: "ബുഖാരി - മുസ്‌ലിം ഉദ്ദരിച്ച ഹദീഥുകളെ വിമർശിക്കൽ അനാചാരമോ ഹദീഥ് നിഷേധമോ ആയി വ്യാഖ്യാനിക്കുന്നപക്ഷം സർവ്വ ഹദീഥ് പണ്ഡിതൻമാരെയും ഇമാമുമാരെയും ഹദീഥ് നിഷേധികളും അനാചാരത്തിന്റെ പ്രചാരകൻമാരുമായി അവതരിപ്പിക്കേണ്ടിവരും" (പേ: 184)

തന്റെ തലതിരിഞ്ഞ ഹദീഥ് വിമർശനങ്ങളെ പൂർവികരുടെ വിമർശനങ്ങളോട് താരതമ്യം ചെയ്യുന്ന സുല്ലമി ഒരു കാര്യം ഗ്രഹിക്കുന്നത് നന്ന്. പൂർവികരിൽ ആരും തന്നെ ബുഖാരിയിൽ നിർമിത

ഹദീഥുകൾ ഉണ്ട് എന്ന് പറഞ്ഞിട്ടില്ല. എന്നാൽ സുല്ലമി തൻെറ ബുഖാരിയുടെ വ്യാഖ്യാനത്തിലും ജിന്ന് പിശാച് സിഹ്റിലും ബുഖാരിയിലെ നിരവധി ഹദീഥുകളെ നിർമിത ഹദീഥുകൾ എന്ന് വ്യംഗ്യമായി സൂചിപ്പിച്ചത് കാണാം. മാത്രവുമല്ല ബുഖാരിയുടെ വ്യാഖ്യാനത്തിൻെറ ആമുഖത്തിൽ നിർമിത ഹദീഥുകളെ കുറിച്ച് ചർച്ചചെയ്തതും തീർത്തും ദുരുദ്ദേശപരമാണ്. ഇനി ഞാൻ ബുഖാരിയിലെ ഹദീഥിനെ മൗദൂഅ് അക്ക്യോലോ എന്ന് പറയണ്ട, ആക്ഷീയത് കാണിച്ചുതരാം. കുഞ്ഞ് ജനിക്കുമ്പോൾ പിശാച് സ്പർശിക്കും എന്ന് പറഞ്ഞ ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച ഹദീഥിനെ കുറിച്ച് സുല്ലമി എഴുതുന്നു: "ഭാര്യയുമായി ബന്ധത്തിൽ ഏർപ്പെടുന്ന സന്ദർഭത്തിൽ പിശാചിനോട് രക്ഷതേടിയാൽ (പിശാചിൽ നിന്ന് അല്ലാഹുവിനോട് രക്ഷതേടിയാൽ: ശുദ്ധി പത്രം) കുട്ടിയെ പിശാച് യാതൊന്നും ഉപദ്രവിക്കുകയില്ല എന്ന് നബി(സ) പ്രസ്താവിച്ച ഹദീഥുകളാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. അതിനാൽ ഈ ഹദീഥ് ഏറ്റവും പ്രബലമായ ഹദീഥുകൾക്കും ഇസ്ലാമിൻെറ അടിസ്ഥാന തത്വങ്ങൾക്കും മനുഷ്യൻെറ വ്യക്തമായ ബുദ്ധിക്കും അനുഭവജ്ഞാനത്തിനും ശാസ്ത്രതത്വത്തിനും എതിരായ ഹദീഥാണ്." ശേഷം ബുദ്ധിക്ക് എതിരായ ഹദീഥുകൾ നിർമിതമാണ് എന്ന് ഇബ്നുൽ ജൗസിയുടെ വാചകം ഉദ്ധരിക്കുകയും ചെയ്യുന്നു.! (ജിന്ന് പിശാച്. പേ: 60) ഇനി, ഒരു സംഗതിക്കെതിരെ വിമർശനങ്ങളുണ്ട്, ആ വിമർശനങ്ങൾ ഒന്നും വസ്തുതാപരമല്ല, എങ്കിലും വിമർശന വിധേയമായി എന്ന ഒറ്റക്കാരണം കൊണ്ട് ആ സംഗതി മോശമാവുമെങ്കിൽ, ഇന്ന് ഏറ്റവുമധികം വിമർശിക്കപ്പെടുന്നത് വിശുദ്ധ ക്വുർആനാണ്. ക്വുർആനെതിരെയുള്ള വിമർശനങ്ങൾ ഒന്നല്ല, അതിനാൽ അവൻ ഇസ്ലാമിലേക്കു ക്ഷണിക്കപ്പെടും എന്ന് ക്വുർആൻ പറഞ്ഞത് മിർസാഗുലാമിനെക്കുറിച്ചാണെന്ന്!!

ഖാദിയാനികളുടെ ഈ വ്യാഖ്യാനപ്രകാരം അതേ ആയത്തുകൊണ്ടുതന്നെ മിർസാഗുലാം അക്രമിയും വഴി പിഴച്ചവനുമെന്നു തെളിയും. ആയത്തിൻെറ പൂർണപരിഭാഷ ശ്രദ്ധിക്കു.

"താൻ ഇസ്ലാമിലേക്കു ക്ഷണിക്കപ്പെടുമ്പോൾ അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല (സ്വഫ്ഫ്: 7)

ഇതിൽ 'യുദ്ആ' (ക്ഷണിക്കപ്പെടുമ്പോൾ) എന്നു പറഞ്ഞതും 'അള്ലമു' (വലിയ അക്രമി) എന്നു പറഞ്ഞതും ഒരേ വ്യക്തിയെകുറിച്ചാണ്.

ഈസാ നബി സന്തോഷവാർത്ത അറയിച്ച മുഹമ്മദ് നബി, ക്വുർആൻ കൊണ്ട് ജനങ്ങളെ ഇസ്ലാമിലേക്കു ക്ഷണിച്ചപ്പോൾ അത് മായാജാലമാണെന്ന് പറഞ്ഞവർ വലിയ അക്രമിയാണ് എന്നാണിതിൻെറയർത്ഥം.

ക്വുർആനിനോട് ഒട്ടും ബഹുമാനമില്ലാത്തവരാണ് ഖാദിയാനികൾ എന്നും ദുർവ്യാഖ്യാനം കൊണ്ടല്ലാതെ ഒരു വാദവും അവർക്ക് അവതരിപ്പിക്കാൻ കഴിയില്ലെന്നും അവരുടെ കൃതികൾ വിളിച്ചോതുന്നു.